മലേഷ്യൻ സഹായത്തോടെ റോഡുനിർമ്മാണം

39 [5016] ശ്രീ. പി.ടി. തോമസ്:
,, കെ. എ. ചന്ദ്രൻ:
,, കെ. മോഹൻകുമാർ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലേഷ്യൻ ഗവൺമെന്റിന്റെ സഹായത്തോടുകൂടി മണ്ണാറക്കുളഞ്ഞി-ചാലക്കയം റോഡ് വികസിപ്പിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഈ റോഡ് വികസിപ്പിക്കുന്നതിനുള്ള വനഭൂമി വിട്ടുകിട്ടിയോ; ഇല്ലെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടിയെടുത്തു;

(സി) എരുമേലിയിൽ നിന്ന് പമ്പയിലേക്കുള്ള നദീതട റോഡ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം വേണ്ടെന്ന് വെച്ചുവോ; എങ്കിൽ എന്തുകൊണ്ട്;

(ഡി) ശബരിമലയുടെ വികസനത്തിന് അത്യാവശ്യമായ ഈ റോഡുകൾക്ക് പ്രാമുഖ്യം നൽകി പൂർത്തിയാക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ—ഡി) ഇതു സംബന്ധിച്ച് മലേഷ്യൻ സർക്കാരുമായി ചില പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

കേരളത്തിലെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് മലേഷ്യൻ സർക്കാരുമായി ഒപ്പുവച്ച ധാരണാപത്രം

40 [5017] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി മലേഷ്യൻ സർക്കാരുമായി കേരള സർക്കാർ ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ സഹായമാണെന്നും ഇതു സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ റോഡുകൾക്കും അനുവദിക്കുന്ന തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly